# പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4157      18.10.2011-ൽ മറുപടിയ്ക്ക്

## ടൂറിസം രംഗത്ത് പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ

| *ചോദ്യം* | *ഉത്തരം* |
|---|---|
| **ശ്രീ. പി. സി. ജോർജ്** | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) കൂടുതൽ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി വിദേശ രാജ്യങ്ങളിലെ വിവിധ ട്രാവൽ ഫെയറുകളിൽ കേരള ടൂറിസം സജീവമായി പങ്കെടുക്കുന്നുണ്ട്. യൂറോപ്പിൽ നിന്നും ആസ്ട്രേലിയ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമുള്ള സഞ്ചാരികളുടെ കേരളത്തിലേക്കുള്ള വരവിൽ വർദ്ധനവ് പ്രതീക്ഷിച്ചു കൊണ്ട് ആവിഷ്ക്കരിച്ചിട്ടുള്ളതാണ് ഈ പദ്ധതി.<br><br>ആഭ്യന്തര ടൂറിസ്റ്റുകളെ ലക്ഷ്യമിട്ട് വിവിധ ട്രാവൽ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിനും, വിവിധ സ്ഥലങ്ങളിൽ പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുന്നുണ്ട്.<br><br>പരസ്യ പ്രചാരണത്തിന്റെ ഭാഗമായി അന്താരാഷ്ട്ര തലത്തിൽ വളരെയേറെ പ്രചാരമുള്ള വിവിധ അച്ചടി മാധ്യമങ്ങളിൽ കേരള ടൂറിസത്തിന്റെ പരസ്യ പ്രചാരണം ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നുണ്ട്. കൂടാതെ വിവിധ ഇൻഫ്ളൈറ്റ് മാഗസീനുകളിലും പരസ്യ പ്രചാരണം നടത്തി വരുന്നു. |

വിദേശ വിനോദ സഞ്ചാരികളെ ലക്ഷ്യമിട്ട് കേരളത്തിന്റെ പ്രധാന മാർക്കറ്റായ യൂറോപ്പിൽ സി.എൻ.എൻ. ഇന്റർനാഷണൽ സ്കൈ ന്യൂസ്, യൂറോ സ്പോർട്സ് തുടങ്ങിയ ടി.വി ചാനലുകളിലൂടെ പരസ്യ പ്രചാരണം നടത്താൻ ഉദ്ദേശിക്കുന്നു. ലണ്ടനിൽ നടക്കുന്ന വേൾഡ് ട്രാവൽ മാർക്കറ്റ് സന്ദർശിക്കുന്നവരെ ലക്ഷ്യമിട്ട് ഇക്കാലയളവിൽ ലണ്ടൻ മെട്രോയിൽ പരസ്യ പ്രചാരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. നൂതന സംരംഭമായ ഡിജിറ്റൽ മാർക്കറ്റിംഗിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും വിധം ടൂറിസം വകുപ്പ് വിവിധ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി indiatimes.com, google, face book, youtube, wayn തുടങ്ങിയുള്ള വിശ്രുത വെബ്സൈറ്റുകളിലൂടെ കേരള ടൂറിസത്തിന്റെ പരസ്യ പ്രചാരണം നടത്തി വരുന്നു.

| | |
|---|---|
| (ബി) ടൂറിസം വികസനത്തിന് പബ്ലിക് - പ്രൈവറ്റ് - പാർട്ടിസിപ്പേഷൻ (പി. പി. പി.) വഴി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (ബി) സ്വകാര്യ സംരംഭകർക്ക് തങ്ങളുടെ ടൂറിസം ഉൽപന്നങ്ങൾ വിപണിയിൽ എത്തിക്കുവാൻ വേണ്ട അവസരങ്ങളും സഹായ സഹകരണങ്ങളും ഒരുക്കുക എന്നത് നിലവിൽ തന്നെ വകുപ്പ് നടത്തി വരുന്ന പ്രചരണ വിപണന തന്ത്രങ്ങളുടെ ഭാഗമാണ്. ടൂറിസം വകുപ്പ് ദേശീയ അന്തർ ദേശീയ തലങ്ങളിൽ സംഘടിപ്പിച്ചു വരുന്ന ബിസിനസ് |

മീറ്റുകളിലെ പ്രധാന ഗുണഭോക്താക്കളും പങ്കാളികളും സംസ്ഥാനത്ത് നിന്നുള്ള സ്വകാര്യ ടൂറിസം സംരംഭകരാണ്. കൂടാതെ പബ്ലിക് - പ്രൈവറ്റ് - പാർട്ടിസിപ്പേഷന്റെ ഉത്തമ ഉദാഹരണമാണ് രണ്ടു വർഷത്തിലൊരിക്കൽ നടന്നു വരുന്ന കേരളാ ട്രാവൽ മാർട്ട്. ദേശീയ അന്തർദേശീയ തലങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന ടൂറിസം മേളകളിൽ സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടെയാണ് ടൂറിസം വകുപ്പ് സജീവമായി പങ്കെടുക്കുന്നത്.

താമസസൗകര്യങ്ങളുടെ വികസനം, ഭക്ഷണശാലകളുടെയും വഴിയോര സൗകര്യങ്ങളുടെയും വികസനം, കൺവെൻഷൻ സെന്ററുകൾ, ഷോപ്പിംഗ് കേന്ദ്രങ്ങൾ, യാത്രാ സൗകര്യങ്ങൾ, മെഡിക്കൽ ടൂറിസം, അഡ്വഞ്ചർ ടൂറിസം ആയുർവേദ സെന്ററുകൾ, ഹൗസ് ബോട്ടുകളടക്കം ടൂറിസ്റ്റ് ബോട്ടുകൾ, മാനവശേഷി വികസനം തുടങ്ങിയ മേഖലകളിൽ സ്വകാര്യ പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള വിവിധ പദ്ധതികൾ പൊതു സ്വകാര്യ പങ്കാളിത്ത (പി.പി.പി) മാതൃകയിൽ ടൂറിസം റിസോർട്ട്സ് (കേരള) ലിമിറ്റഡ് (ടി.ആർ.കെ.എൽ) വഴി ആവിഷ്കരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി താജ്, ഒബ്റോയി തുടങ്ങിയ സ്വകാര്യ

സംരംഭകരുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ ടൂറിസം റിസോർട്ട്സ് (കേരള) ലിമിറ്റഡ് (ടി.ആർ.കെ.എൽ) ആരംഭിച്ചിട്ടുണ്ട്. താജ് ഗ്രൂപ്പുമായി ചേർന്നുള്ള സംയുക്തസംരംഭം കൊച്ചി, കുമരകം, വർക്കല എന്നിവിടങ്ങളിൽ ഹോട്ടൽ പദ്ധതികൾ നടത്തി വരുന്നുണ്ട്. ടൂറിസം വകുപ്പിന്റെ കൈവശമുള്ള ഭൂമി ഉപയോഗിച്ചു കൊണ്ട് വേളി, വർക്കല മുതലായ സ്ഥലങ്ങളിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ